# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2909 — 12.10.2011-ൽ മറുപടിയ്ക്ക്

### " കാർഷിക തൊഴിൽ സേന"

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ്: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക തൊഴിൽ സേനയുടെ ഉദ്ദേശല ക്ഷ്യങ്ങൾ എന്തൊക്കെയാണ്; | എ) കാർഷിക മേഖലയിൽ ഇന്നനുഭവപ്പെടുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുന്നതിനും, കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്ന യുവതീയുവാക്കൾക്ക്, കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകളിലും, കാർഷിക യന്ത്രങ്ങളിലും ആവശ്യമായ പരിശീലനം നൽകി അവരുടെ സേവനം ഉപയോഗിച്ച് കൃഷി രീതി കൂടുതൽ ലളിതവും ലാഭകരവുമാക്കി മാറ്റുക, കാർഷിക തൊഴിലിന്റെ നിലവാരം ഉയർത്തി കൂടുതൽ ജനങ്ങളെ ഇതിലേയ്ക്ക് ആകർ ഷിക്കുക എന്നിവയാണ് തൊഴിൽസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| ബി) ഏത് പ്രായക്കാർക്കാണ് കാർഷിക തൊഴിൽ സേനയിൽ അംഗത്വം നൽകുന്ന ത്; | ബി) പ്രധാനമായും ചെറുപ്പക്കാർക്കാണ് കാർഷിക തൊഴിൽ സേനയിൽ അംഗത്വം നൽകുന്നത്. എന്നാൽ കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കു ന്നതിന് വൈദഗ്ദ്ധ്യമുള്ള എല്ലാവരെയും പരിഗ ണിക്കാവുന്നതാണ്. |
| സി) ഏതൊക്കെ ജില്ലകളിൽ എവിടെയൊക്കെ യാണ് കാർഷിക തൊഴിൽസേന രൂപീക രിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) ആദ്യപടിയായി തിരുവനന്തപുരം ജില്ലയിൽ തൊഴിൽസേന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ തൊഴിൽ സേന ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ